പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 113 — 05.03.2018-ൽ മറുപടിക്ക്

## ദേശീയപാത വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മോൻസ് ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>ഡോ.എൻ. ജയരാജ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ദേശീയപാത നാലുവരിയാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് ഉണ്ടായിട്ടുള്ള അനിശ്ചിതത്വത്തിന് എന്തെല്ലാം പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തി എന്നറിയിക്കാമോ; | (എ) കേരളത്തിലെ ദേശീയപാത നാലുവരിയാക്കുന്നതിന്റെ പുരോഗതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി). കേരളത്തിലെ ദേശീയപാത വികസനത്തിന് തയ്യാറാക്കിയ പദ്ധതികൾ വിഭജിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; വലിയ റീച്ചുകൾ വിഭജിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) കർണ്ണാടക അതിർത്തിയായ തലപ്പാടി മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗം ആറ് പാക്കേജുകളായി ചെയ്യുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ദൂരം (കി.മി) | ഏറ്റെടുക്കേണ്ട സ്ഥല ത്തിന്റെ അളവ് (ഹെക്ടർ) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 4/6 ലെയിനിംഗ് - തലപ്പാടി മുതൽ ചെങ്ങള വരെ (കി.മി 17.200 മുതൽ 56.200 വരെ) | 39.00 | 175.5 | 2.3236 ഹെക്ടർ ഏറ്റെടുക്കുന്നതിനായി 3 (എ). പ്രൊപ്പോസൽ NHAI യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>0.694866 ഹെക്ടർ ഏറ്റെടുക്കുന്നതിനായി 3 (ഡി). പ്രൊപ്പോസൽ NHAI യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>0.3048 ഹെക്ടർ ഭൂമി അവാർഡ് ചെയ്യുന്നതിനായി അനുമതി ലഭിച്ചിട്ടുണ്ട്.<br>0.452711 ഹെക്ടർ ഭൂമി അവാർഡ് ചെയ്യുന്നതിനായി മോർത്തിന്റെ റീജിയണൽ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.<br>18.03 ഹെക്ടർ ഭൂമിയുടെ 3 (ഡി) പ്രൊപ്പോസൽ CALA യിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| 2 | 4/6 ലെയിനിംഗ് - ചെങ്ങള മുതൽ നീലേശ്വരം ടൌൺ റെയിൽവേ ഗേറ്റ് വരെ (കി.മി 56.200 മുതൽ 93.468 വരെ) | 37.268 | 40.788 | 7.4741 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 3 (എ). പ്രൊപ്പോസൽ NHAI യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 3 | 4 ലെയിനിംഗ് - നീലേശ്വരം ടൌൺ റെയിൽവേ ഓവർബ്രീഡ്ജ് (പള്ളിക്കര റെയിൽവേ ഗേറ്റ് മുതൽ കി.മീ. 93.468 വരെ) | 0.780 | 0.752 | 0.6533 ഹെക്ടർ ഭൂമിയുടെ ഫണ്ട് റിക്വസ്റ്റ് NHAI യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 4 | 4/6 ലെയിനിംഗ് - നീലേശ്വരം റെയിൽവേ ഓവർബ്രീഡ്ജിന്റെ അവസാനഭാഗം വരെ (കി.മി 96.450 മുതൽ 137.900 വരെ) | 43.652 | 122.116 | 0.6203 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 3 (എ). പ്രൊപ്പോസൽ NHAI യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>0.3644 ഹെക്ടർ ഭൂമി അവാർഡ് ചെയ്യുന്നതിനായി അനുമതി ലഭിച്ചിട്ടുണ്ട്.<br>0.5850 ഹെക്ടർ ഭൂമിയുടെ ഫണ്ട് റിക്വസ്റ്റ് NHAI യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 5 | 4/6 ലെയിനിംഗ് - മുഴപ്പിലങ്ങാട് (തലശ്ശേരി - മാഹി ബൈപ്പാസ്) കി.മി | 32.700 | 117.905 | PROW സ്റ്റോൺ ഇടുന്നതിനായുള്ള സർവ്വേ പ്രവൃത്തികൾ പുരോഗതിയിലാണ്. |

| | | | | |
|---|---|---|---|---|
| | | | | റീജിയണൽ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. |
| 7 | 4/6 ലെയിനിംഗ് - അഴിയൂർ മുതൽ വെങ്ങളം വരെ (കി.മീ. 188.00 മുതൽ 230.400 വരെ) | 42.00 | 123.300 | 2.93 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 3 (ഡി). പ്രൊപ്പോസൽ NHAI യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 8 | 4/6 ലെയിനിംഗ് - കോഴിക്കോട് ബൈപ്പാസ് വെങ്ങളം മുതൽ രാമനാട്ടുകര (കി.മീ. 230.400 മുതൽ 258.800 വരെ) | 28.400 | 1.120 | 1.12 ഹെക്ടർ ഭൂമിയുടെ അവാർഡിന്റെ അനുമതി ഉടൻ ലഭിക്കുന്നതാണ്. |
| 9 | 4/6 ലെയിനിംഗ് - രാമനാട്ടുകര മുതൽ കുറ്റിപ്പുറം വരെ എൻ.എച്ച് 17 (പുതിയ എൻ.എച്ച് 66) (കി.മീ. 258.800 മുതൽ 318.00) വരെ) | 54.860 | 140.380 | 140.38 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 3 (എ). പ്രൊപ്പോസൽ NHAI യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 10 | 4 ലെയിനിംഗ് കുറ്റിപ്പുറം (കി.മീ 318.00 ) മുതൽ ഇടപ്പള്ളി വരെ (കി.മീ 438.00) | 120.00 | 282.00 | 3 എ നോട്ടിഫിക്കേഷൻ തയ്യാറാക്കി വരുന്നു. |
| 11 | 4 ലെയിനിംഗ് ചേർത്തല മുതൽ കഴക്കൂട്ടം (കി.മീ 379/100 മുതൽ കി.മീ. 551/900 വരെ) | 172.8 | 256.00 | എൻ.എച്ച് ആക്ട് 1956 പ്രകാരം കൊല്ലം ജില്ലയിലും ആലപ്പുഴ ജില്ലയിലും സ്ഥലമേറ്റെ ടുക്കുന്നതിനായി 3 (എ) ഗസറ്റ് നോട്ടിഫിക്കേ ഷൻ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഗസറ്റ് നമ്പർ S.O No.602(E) dated 9.2.2018 & S.O No.671(E) dated 15.2.2018 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| 12 | 4 ലെയിനിംഗ് കഴക്കൂട്ടം മുതൽ കേരള/തമിഴ് നാട് അതിർത്തി വരെയുള്ള (കി.മീ. 0/000 മുതൽ 43/00 വരെ) | 43.00 | 83.00 | പദ്ധതി രൂപരേഖ തയ്യാറാക്കിയിരിക്കുന്നത് M/S.SMEC India Pvt Ltd, New Delhi ആണ്. ആയതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ